Regd

10492

**വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ**

പ്രേക്ഷിതൻ

മോഹന ചന്ദ്ര കുമാരൻ നായർ
കൃഷ്ണകൃപ, പി.എൽ. കോളനി റോഡ്
കോത്തല പി.ഒ., പാമ്പാടി
കോട്ടയം - 686 502

**സ്വീകർത്താവ്**

**പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
സാമൂഹ്യനീതി ഡയറക്ട്രേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

THE DIRECTOR OF SOCIAL JUSTICE
JAN 2017
TRIVANDRUM

ബഹുമാന്യൻ

മേൽനിയമപ്രകാരം താഴെ പറയുന്നവയുടെ പകർപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് താല്പര്യപ്പെടുന്നു.

ഞാൻ ബി.പി.എൽ ലിസ്റ്റിൽപ്പെട്ട വ്യക്തിയായതിനാൽ വിവരാവകാശ നിയമം 2005 വകുപ്പ് 7(5) പ്രകാരവും ടി നിയമം കോസ്റ്റ് & ഫീസ് നിയമം 2006 നും വിധേയമായി നടപടി കൈക്കൊള്ളണമെന്ന് അപേക്ഷ. ബി.പി.എൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഇതുസഹിതം ചേർത്തിരിക്കുന്നു.

കേരളത്തിലെ ജനസംഖ്യയിൽ 55 ശതമാനത്തോളം ജനങ്ങൾ അറുപതു വയസ്സുകഴിഞ്ഞ മുതിർന്ന പൗരന്മാരാണെന്നും ~~[illegible]~~ വൃദ്ധജനങ്ങളുടെ- എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുകയാണെന്നും താങ്കൾക്ക് ബോധ്യമുള്ളതാണല്ലോ. ഇത്തരുണത്തിൽ താങ്കൾ 22-12-2015 ൽ ജി4-43048/15-ാം നമ്പരായി കേരളത്തിലെ എല്ലാ സർക്കാർ വൃദ്ധസദനങ്ങളിലേയും സൂപ്രണ്ട്മാർക്ക് നൽകിയ നിർദ്ദേശപ്രകാരം **ഉള്ള മറുപടി ലഭിച്ചതിൽനിന്നും സർക്കാർ വൃദ്ധസദനങ്ങളിൽ താമസിക്കുന്ന ഒരു അന്തേവാസിക്കുവേണ്ടി സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും കൂടാതെ പ്രതിമാസം**

1. **ഭക്ഷണത്തിനായി 2000 രൂപാ വീതവും**
2. മരുന്നിന് 1000 രൂപാ വീതവും
3. വസ്ത്രത്തിന് വേണ്ടി 167 (പ്രതിവർഷം 2000 രൂപാ ക്രമത്തിൽ)
4. മറ്റ് ചെലവുകൾക്കുവേണ്ടി 375 രൂപാ വീതവും (പ്രതിവർഷം 4500 രൂപാ ക്രമത്തിൽ)

ഒരു മാസം ആകെ 3542 രൂപ ചിലവഴിക്കുന്നതായി കാണുന്നു (തെളിവ് ഇതുസഹിതം ചേർത്തിരിക്കുന്നു). എന്നാൽ സർക്കാർ വൃദ്ധസദനങ്ങളിൽ താമസിക്കാത്ത ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വൃദ്ധന്മാർക്ക് പ്രതിമാസം കേന്ദ്രസർക്കാർ നൽകുന്ന ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷൻ തുകയായ 600 രൂപ അല്ലാതെ സംസ്ഥാന സർക്കാർ ഒന്നുംതന്നെ ചെയ്യുന്നതായി അറിവില്ല. ആയതും കൃത്യമായി ലഭിക്കുന്നുമില്ല. ആയതിനാൽ,

1. **സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾ** ഒഴികെയുള്ള വൃദ്ധന്മാർക്ക് **സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ** പകർപ്പുകളും
2. **സർക്കാർവക വയോജന സംരക്ഷണ നിയമം, വയോമിത്രം** പദ്ധതി എന്നിവയുടേയും **വയോജനങ്ങൾക്ക് ഉപകാരപ്രദമായ മറ്റ് സർക്കാർ ഉത്തരവുകളുടെ പകർപ്പുകളും**
3. **29-07-2015 ലെ Go (RT)No.467/2005/STD എന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ്.**

എന്ന് വിശ്വസ്ത വിധേയൻ

18.1.2017

മോഹന ചന്ദ്ര കുമാരൻ നായർ

**ഉള്ളടക്കം**

1. ബി.പി.എൽ സർട്ടിഫിക്കറ്റ്
2. തൃശൂർ ജില്ലാ ഓൾഡ് ഏജ് ഹോം സൂപ്രണ്ടിന്റെ അന്തേവാസികളുടെ ചെലവിനെ സംബന്ധിച്ച വിശദാംശത്തിന്റെ പകർപ്പ്.